"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ഗതാഗത വകുപ്പ് - തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-നെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-I എന്നും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-II എന്നും വിഭജിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.388/2023/TRANS തീയതി,തിരുവനന്തപുരം, 18-09-2023

പരാമർശം:- 1) സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖല തുടങ്ങിയ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് പ്രത്യേക സീരീസ് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/01/2023-ന് ചേർന്ന യോഗം

2) ഗതാഗത കമ്മീഷണറുടെ 18/05/2023-ലെ സി1/55/2022-റ്റി.സി നമ്പർ കത്ത്.

ഉത്തരവ്

സർക്കാർ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾക്ക് പ്രത്യേകം രജിസ്ട്രേഷൻ സീരീസ് അനുവദിക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ തീരുമാനം എടുത്തിരുന്നു. എന്നാൽ ടി സ്ഥാപനങ്ങളുടെ പേരിലുള്ള വാഹനങ്ങൾ പ്രത്യക സീരിസിൽ രജിസ്റ്റർ ചെയ്യുവാൻ നിലവിലുള്ള രജിസ്റ്ററിംഗ് അതോറിറ്റികളിൽ സാധ്യമല്ലായെന്നും ആയതിനാൽ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ) നെ രണ്ടായി വിഭജിച്ച് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-I എന്നും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)- II എന്നും നാമകരണം ചെയ്യാമെന്നും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-I ൽ കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ മാത്രം രജിസ്റ്റർ ചെയ്യാമെന്നും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-II ൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വാഹനങ്ങൾ മാത്രം രജിസ്റ്റർ ചെയ്യാമെന്നും പരാമർശം (2) പ്രകാരം ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ) നെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-I എന്നും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-II എന്നും വിഭജിച്ച് ഉത്തരവാകുന്നു.

കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-I ലും സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വാഹനങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ)-II ലും രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ഓഫീസുകളിലേക്കായി ആവശ്യമായ ജീവനക്കാരെ മറ്റ് ഓഫീസുകളിൽ നിന്നും പുനർ വിന്യസിക്കുന്നതിനുള്ള നടപടി ഗതാഗത കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ് :-
1) ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് ),കേരളം
3) ധനകാര്യ വകുപ്പ്
4) ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
5) കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ